


ബാബ്ല കഥപറയുന്നു-10

# മീർ അലം

**ഗാന്ധിജിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ് ദേസായിയുടെ മകൻ നാരായൺ ദേസായ് ചെറുപ്പത്തിൽ 20 വർഷം ഗാന്ധിജിയോടൊപ്പം കഴിഞ്ഞതിന്റെ അനുഭവങ്ങൾ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായ ഗാന്ധിയെ എന്തുകൊണ്ടാണ് എല്ലാവരും മഹാത്മാ എന്ന് വിളിക്കുന്നതെന്ന് ബാപ്പുവിന്റെ സ്വന്തം ബാബ്ലയായ നാരായൺ ദേസായി ഈ കഥകളിലൂടെ നമുക്ക് പറഞ്ഞുതരുന്നു.**

ഗാന്ധിജിയുടെ ജീവിതത്തിൽ അദ്ദേഹത്തിന്റെ പ്രാണൻ അപഹരിക്കാനുള്ള ശ്രമങ്ങൾ പലതവണയായി നടന്നിട്ടുണ്ട്. ദക്ഷിണാഫ്രിക്കയിൽ വെച്ചുതന്നെ ആറോളംതവണ അദ്ദേഹത്തെ അപായപ്പെടുത്താൻ ശ്രമം നടക്കുകയുണ്ടായി. ഭാരതത്തിൽ ആദ്യതവണ സന്ദർശനം നടത്തി തിരിച്ചെത്തുമ്പോഴേക്കും അദ്ദേഹത്തെ സ്വീകരിച്ചത് നൂറുകണ്കിന് വരുന്ന ക്ഷുഭിതരായ ജനക്കൂട്ടമായിരുന്നു. വെള്ളക്കാർ നയിച്ചിരുന്ന ഈ ജനക്കൂട്ടത്തിന്റെ അടിയും തൊഴിയുമേറ്റ് അവശനായ ഗാന്ധിജിയെ രക്ഷപ്പെടുത്തിയത് ഡർബനിലെ ശ്രദക്ഷിണാഫ്രിക്കയിലെ ഒരു പട്ടണം) പോലീസ് ഓഫീസറുടെ ഭാര്യയായിരുന്നു. എന്നാൽ തന്റെ അഹിംസാ സിദ്ധാന്തത്തിലുള്ള ഉറച്ച വശ്വാസം അദ്ദേഹത്തിന്റെ ശത്രുക്കളെപ്പോലും പിൽക്കാലത്ത് മിത്രങ്ങളാക്കി മാറ്റിയിരുന്നു. ഡർബനിൽ അദ്ദേഹത്തെ അക്രമിക്കാൻ നേതൃത്വം നൽകിയ പല വെള്ളക്കാരും പിന്നീട് അദ്ദേഹത്തിന്റെ ഉറ്റസുഹൃത്തുക്കളായിത്തീർന്നിരുന്നു. അദ്ദേഹത്തിനായി ഒരുക്കിയ യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്ത് പ്രസംഗിച്ചിരുന്നു. ശത്രുവിനെപ്പോലും മിത്രമാക്കി മാറ്റുന്ന അഹിംസാസിദ്ധാന്തത്തെക്കുറിച്ചുള്ള കഥയാണ് ഇത്.



1908ൽ ദക്ഷിണാഫ്രിക്കയിൽ ഭാരതീയരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒരു കരാറിൽ ഗാന്ധിജിയും അദ്ദേഹത്തിന്റെ സംഘടനയും എത്തിയിരുന്നു. എന്നാൽ ഈ കരാറിനെതിരെ അവിടത്തെ ഭാരതീയരിൽ തന്നെ പലരും എതിരായിരുന്നു. രജിസ്റ്ററിൽ ആദ്യമായി ഒപ്പിടുന്നത് താനായിരിക്കും എന്ന് ഗാന്ധിജി നേരത്തെ തന്നെ പ്രഖ്യാപിച്ചിരുന്നു. അന്നേദിവസം രാവിലെ തന്റെ ഓഫീസിൽ രജിസ്ട്രാർ ഓഫീസിലേക്ക് പുറപ്പെടുന്നതിനായി ഗാന്ധിജിയും സുഹൃത്തുക്കളും തയ്യാറായി നില്പ്പുണ്ടായിരുന്നു. ഓഫീസിന്റെ പടിവാതിക്കൽ ബലിഷ്ഠകായനായ ഒരു പഠാൺ നില്പുണ്ടായിരുന്നു. അത് ഗാന്ധിജിയുടെ പഴയൊരു കക്ഷിയായ മീർ അലം ആയിരുന്നു. മീർ അലത്തെ കണ്ട ഗാന്ധിജി കുശലാന്വേഷണം നടത്തിയെങ്കിലും അദ്ദേഹത്തിന്റെ മുഖത്ത് സന്തോഷമൊന്നും കാണാനില്ലായിരുന്നു. സമയത്തുതന്നെ രജിസ്ട്രാർ ഓഫിസീസിലെത്തുന്നതിനായി ഗാന്ധിജിയും സുഹൃത്തുക്കളും ഓഫീസിലേക്ക് പുറപ്പെട്ടു. മീർ അലം ഗാന്ധിജിയോട് എവിടേക്കാണ് പോരുന്നതെന്നന്വേഷിച്ചു. വിരലടയാളം നല്കുന്നതിനെന്നായി ഗാന്ധിജി. രജിസ്റ്ററിൽ ആദ്യം ഒപ്പുവെക്കുന്നവന്റെ ജീവനെടുക്കുമെന്നായി മീർ അലം. ഗാന്ധിജി ഒന്നും മിണ്ടാതെ മുന്നോട്ടു നടന്നു. പിന്നാലെ മീർ അലവും അദ്ദേഹത്തിന്റെ സംഘവും.

ഏതാനും വാര ചെന്നപ്പോൾ തിരിഞ്ഞുനോക്കിയ ഗാന്ധിജി കണ്ടത് തൊട്ടുപിറകിലായി നടക്കുന്ന മീർ അലത്തെയാണ്. എവിടേക്കാണെന്ന ഗാന്ധിജിയുടെ ചോദ്യത്തിന് തലയ്ക്കും മുഖത്തും ലാത്തികൊണ്ടുള്ള അടിയായിരുന്നു മറുപടി. അടികൊണ്ട് ബോധശൂന്യനായി വീഴും മുമ്പ് അദ്ദേഹത്തിന്റെ ചുണ്ടിൽ നിന്നും 'ഹേ റാം' എന്ന മന്ത്രമുയർന്നു. അപ്പോഴേക്കും അവിടെക്കൂടിയിരുന്ന വെള്ളക്കാർ ഗാന്ധിജിയെ രക്ഷപ്പെടുത്തുകയും മീർഅലത്തെ ബന്ധനസ്ഥനാക്കുകയും ചെയ്തു. റെവറന്റെ ഫാദർ ജോസഫ് ഡോക്കും അദ്ദേഹത്തിന്റെ പത്നിയും ഗാന്ധിജിയുടെ ശുശ്രൂഷ ഏറ്റെടുത്തു. (ഗാന്ധിജിയുടെ ആദ്യ ജീവചരിത്രം എഴുതിയത് ഫാദർ ജോസഫ് ജോക്ക് ആണ്) അദ്ദേഹത്തിന്റെ മുഖവും ചുണ്ടും പൊട്ടിയിരുന്നു. പല്ല് ഇളകിയിരുന്നു. കൈവിരലുകളും പൊട്ടിചോരയൊലിച്ചിരുന്നു. പ്രാഥമിക ശുശ്രൂഷയ്ക്കുശേഷം ഗാന്ധിജിയെ ഫാദർ ഡോക്ക് തന്റെ വീട്ടിലേക്ക് കൂട്ടി. എന്നാൽ ബോധം തിരിച്ചുകിട്ടിയ ഗാന്ധിജി ആദ്യം ആവശ്യപ്പെട്ടത് രജിസ്ട്രാർ ഓഫീസിലേക്ക് പോകണമെന്നായിരുന്നു. എന്നാൽ അതിനു തിരക്കുകൂട്ടേണ്ടെന്നും ഒപ്പുവെക്കാനുള്ള ആദ്യത്തെ കോളം താങ്കൾക്കായി ഒഴിച്ചുവെക്കാമെന്നുമുള്ള നിർദ്ദേശം അദ്ദേഹത്തിന് സ്വീകാര്യമായിരുന്നില്ല. സന്ധിയുണ്ടാക്കിയത് താനാണെന്നും അതിൽ ആദ്യം ഒപ്പുവെക്കുന്നത് താനായിരിക്കുമെന്നുമായിരുന്നു ഗാന്ധിജിയുടെ വാദം. ഓഫീസിൽ നിന്നും രജിസ്റ്റർ വരുത്തി ആദ്യംതന്നെ ഗാന്ധിജിയെക്കൊണ്ട് ഒപ്പു വെപ്പിച്ചു. അതിൽപി

ന്നെ ഗാന്ധിജി മീർഅലത്തെക്കുറിച്ച് അന്വേഷിച്ചു. മീർ അലം പോലീസ് കസ്റ്റഡിയിലാണെന്നറിഞ്ഞ് ഗാന്ധിജി പറഞ്ഞു: "ആ പാവത്തെ ഒന്നും ചെയ്യരുത്. അയാൾ തന്റെ ബോദ്ധ്യത്തിനനുസരിച്ചാണ് പ്രവർത്തിച്ചത്. അയാൾ തെറ്റുകാരനല്ല. അയാളെ വെറുതെവിടുക." എന്നാൽ അധികാരികൾ മീർ അലമിനെ ജയിൽ ശിക്ഷയ്ക്ക് വിധിച്ചു. ജയിലിൽ കിടന്ന മാർ അലം ഇക്കാര്യം അറിഞ്ഞപ്പോൾ ഗദ്ഗദകണ്ഠനായി. താൻ ഉപദ്രവിച്ചിട്ടും തന്റെ തിന്മ ആഗ്രഹിക്കാത്ത ഗാന്ധിഭായ് യഥാർത്ഥ പീർ (ഋഷി) ആണെന്ന് മീർ അലം പറഞ്ഞു.

കാലം കുറച്ചുകൂടി മുന്നോട്ടുപോയി. ഇക്കാലത്തിനിടയിൽ ഗാന്ധിജി ഭാരതീയരുടെ നിരവധി പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് ഒട്ടനവധി ശത്രുക്കളെയും അതിനേക്കാൾ മിത്രങ്ങളേയും സമ്പാദിച്ചിരുന്നു. സമാധാനശ്രമങ്ങൾ പലപ്പോഴും സ്ഥാപിത താൽപര്യക്കാരായ ഭാരതീയവാസികളിടെയും ശത്രുത നേടിക്കൊടുത്തിരുന്നു.

അത്തരമൊരു സമാധാന ശ്രമങ്ങളെക്കുറിച്ച് വിശദീകരിക്കാൻ ജോഹനാസ്ബെർഗിൽ ഒരു പൊതുസമ്മേളനത്തിൽ പങ്കെടുക്കാൻ ഗാന്ധിജി നിശ്ചയിച്ചു. എന്നാൽ സമ്മേളനത്തിനിടയിൽ ഗാന്ധിജിയെ അക്രമിക്കാൻ പരിപാടിയിട്ടിരിക്കുനനുണ്ടെന്ന് ഭാരതീയ നേതാക്കൾക്ക് വിവരം ലഭിച്ചു. അവർ ഗാന്ധിജിയെ സമ്മേളനത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കി. ഗാന്ധിജി വിലക്ക് അവഗണിച്ചുകൊണ്ട് സമ്മേളനത്തിൽ പങ്കെടുത്തു. ഏതാനും ചിലർ ഗാന്ധിജി സംസാരിച്ചുകൊണ്ടിരിക്കെ തന്നെ തുടരെത്തുടരെ ചോദ്യങ്ങൾ ഉന്നയിക്കാൻ ആരംഭിച്ചു. പതുക്കപതുക്കെ ചോദ്യങ്ങളുടെ ഭാഷ മാറുകയും അസഭ്യം പറച്ചിലിലേക്ക് വഴിമാറുകയും ചെയ്തു. ഹാളിലെ വെളിച്ചം ഇതിനിടയിൽ അണഞ്ഞിരുന്നു. പെട്ടെന്ന് ഗാന്ധിജിയുടെ തൊട്ടുപിന്നിൽ നിന്നായി ഘനഗംഭീരമായ ഒരു സ്വരമുയർന്നു. "ജാഗ്രത!, ഗാന്ധിഭായിയെ ആക്രമിക്കാൻ ചിലർ പദ്ധതിയിട്ടിരിക്കുന്നതായി എനിക്കറിയാം. അദ്ദേഹത്തിന്റെ തലനാരിഴക്കുപോലും അപകടപ്പെടുത്താൻ ആരെങ്കിലും ശ്രമിച്ചാൽ അയാളെ ഞാൻ കുത്തി മലർത്തും. ഖുദാ അല്ലാഹു സത്യം. ഘനഗംഭീരമാർന്ന ഈ ശബ്ദത്തിനുടമ മറ്റാരുമായിരുന്നില്ല, അത് മീർ അലം ആയിരുന്നു.

കയ്യിൽ കഠാരയുമായി നിൽക്കുന്ന ബലിഷ്ഠകായനായ മീർഅലമിനെ നോക്കി ഗാന്ധിജി പുഞ്ചിരിച്ചു. അദ്ദേഹത്തിന്റെ തോളിൽതട്ടി ഗാന്ധിജി പറഞ്ഞു; "ഭായ്, മീർഅലം എന്തിനാണ് അത്രയധികം വിദ്വേഷം? നിന്റെ ധൈര്യം അപാരം തനനെ. പക്ഷെ ഒരാളുടെ ജീവനെടുക്കാൻ അല്ലാഹുവിനെ കൂട്ടുപിടിക്കുന്നത് തല്ലതല്ലാ. എന്നെ ആരും അക്രമിക്കുകയില്ല. എന്റെടുത്തേക്കു വരൂ.." മീർ അലം പറഞ്ഞു: "താങ്കൾക്കൊന്നുമറിയില്ല. താങ്കൾ ഒരു ഫക്കീറാണ്. താങ്കളെ വധിക്കാൻ പദ്ധതിയിട്ടിരിക്കുകയാണ്. താങ്കൾക്കു നേരെ വരുന്നവർ ആരായാലും അവനെ ഞാൻ തുണ്ടം തുണ്ടമാക്കും."

ഗാന്ധിജിയുടെ സുഹൃത്തുക്കളും അവിടെത്തന്നെ നിന്നും. അക്രമികൾ ഇതിനകം തന്നെ ഓടി മറഞ്ഞിരുന്നു. അങ്ങനെ ഒരു കാലത്ത് ഗാന്ധിജിയെ അക്രമിച്ച മീർ അലം തന്നെ ഗാന്ധിജിയുടെ രക്ഷകനായി വന്നു. അഹിംസയിന്മേലുള്ള ഉറച്ച വിശ്വാസം ശത്രുവിനെപ്പോലും മിത്രമാക്കി മാറ്റുന്നുവെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് മീർ അലമിന്റെ കഥ.

**വിഭവങ്ങളുടെ വഹനക്ഷമത കണക്കിലെടുത്തുകൊണ്ടുള്ള വികസന/സംരക്ഷണ പ്രവർത്തനങ്ങളാണ് പരിസ്ഥിതി ലോലപ്രദേശങ്ങളിൽ നടക്കേണ്ടതെന്ന് ഡോ. എ. ലത**

**(കഴിഞ്ഞലക്കം തുടർച്ച)**

# വഹനക്ഷമതയും വികസനവും

**മഹാരാഷ്ട്രയിൽ** ഇത്തരത്തിൽ പരിസ്ഥിതിമേഖലകൾ രൂപീകരിക്കാനൊരു ശ്രമം നടന്നു. മൂന്ന് വിവിധ തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടാണ് അവിടെ മഹാബലേശ്വർ - പഞ്ച്ഗനി ESA മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയത്. മഹാരാഷ്ട്രാ ഗവൺമെന്റിന്റെ പ്രാദേശിക ആസൂത്രണബോർഡിനു കീഴിലായി ഭൂവിനിയോഗ ആസൂത്രണം, പരിസ്ഥിതി, ടൂറിസം കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു. പ്രാദേശിക ആസൂത്രണബോർഡിലും ഓരോ കമ്മിറ്റികളിലും രാഷ്ട്രീയ-ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, വിദഗ്ദ്ധർ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയിരുന്നു. ഓരോ പ്രദേശത്തിനും പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള റിപ്പോർട്ട് കമ്മിറ്റി പ്രാദേശിക ആസൂത്രണബോർഡിന് നല്കി. ബോർഡ് ഈ പ്ലാൻ സംസ്ഥാനഗവൺമെന്റിനും ശേഷം പരിസ്ഥിതിമന്ത്രാലയത്തിനും കൈമാറി. മഹാരാഷ്ട്രാ പ്രാദേശിക-പട്ടണ ആസൂത്രണ നിയമം-1966 പ്രകാരമാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചത്.

പശ്ചിമഘട്ട-പരിസ്ഥിതി പാനൽ സെപ്റ്റംബറിലാണ് ESA സംബന്ധിച്ച റിപ്പോർട്ട് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന് നല്കിയത്. പശ്ചിമഘട്ടത്തിലുൾപ്പെടുന്ന എല്ലാ സംസ്ഥാനങ്ങളുമായും മെയ് 2010 മുതല് മെയ് 2011 വരെ വിശദമായ പരിശോധനകളും ചർച്ചകളും നടത്തി കിലയിൽ (KILA) വെച്ച് അവസാനവട്ടചർച്ച കഴിഞ്ഞാണ് റിപ്പോർട്ടിന് അന്തിമരൂപം നൽകിയത്. പശ്ചിമഘട്ടമേഖലയിലെ മുഴുവൻ പരിസ്ഥിതിലോലമേഖലകൾക്കും പ്രയോജനപ്പെടുത്താവുന്ന തരത്തിലുള്ള പദ്ധതിയാണ് പശ്ചിമഘട്ട-പരിസ്ഥിതി പാനൽ തയ്യാറാക്കിയത്. ഈ റിപ്പോർട്ട് പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനിരിക്കുന്നതേയുള്ളൂ. പശ്ചിമഘട്ടരക്ഷാപ്രസ്ഥാനത്തിലെ അംഗങ്ങൾ പരിസ്ഥിതിലോലമേഖലകൾ പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി പാനലിന് ജലവിഭവ ആസൂത്രണം, വനാശ്രിത ജീവിതവൃത്തി, ജൈവവൈവിധ്യസംരക്ഷണം തുടങ്ങി നിരവധി പ്രശ്നങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിരുന്നു.

പശ്ചിമഘട്ടത്തിലെ എലാ ഗുണഭോക്താക്കളുടെയും പങ്കാളിത്തത്തോടെ മനുഷ്യവാസമുള്ള അവശേഷിക്കുന്ന പരിസ്ഥിതിലോലമേഖലകളെങ്കിലും സംരക്ഷിക്കാൻ പരിസ്ഥിതിലോലപ്രദേശങ്ങളുടെ കൃത്യമായ ഘടനയുണ്ടാക്കി, പദ്ധതി തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും അത്യാവശ്യമാണ്. പക്ഷേ ഇത്തരത്തിലൊരു നടപടി സ്വീകരിക്കാനുള്ള രാഷ്ട്രീയനിശ്ചയദാർഢ്യവും പാരിസ്ഥിതികവിവേകവും നമുക്കുണ്ടോ എന്നതാണ് ഏറ്റവും വലിയ ചോദ്യം.